**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6578** **11-11-2021 - ൽ മറുപടിയ്ക്ക്**

**ബേഡഡുക്ക കൃഷി ഭവനിലെ കൃഷി അസിസ്റ്റന്റിനെ മാറ്റി നിയമിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിലെ ബേഡഡുക്ക കൃഷി ഭവനിലെ കൃഷി അസിസ്റ്റന്റിനെ മാറ്റി നിയമിക്കണമെന്ന് ആവശ്യപ്പെട്ട് പഞ്ചായത്ത് ഭരണസമിതി നൽകിയ ഹർജിയിൽ എന്തെങ്കിലും തുടർ നടപടി എടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | കാസർഗോഡ് ജില്ലയിലെ ബേഡഡുക്ക കൃഷി ഭവനിലെ കൃഷി അസിസ്റ്റന്റിനെ ടി ഓഫീസിൽ നിന്നും സ്ഥലംമാറ്റം നടത്തി കൃഷി ഡയറക്ടർ ഉത്തരവിറക്കിയെങ്കിലും ടി ഉത്തരവിനെതിരെ ടിയാൾ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ (KAT) - നെ സമീപിക്കുകയും ടിയാളുടെ അപേക്ഷ പരിഗണിയ്ക്കാൻ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ 18.02.2021 – ൽ ഉത്തരവാകുകയും ചെയ്തു. ടി ഉത്തരവിന്മേൽ കൃഷി ഡയറക്ടറുടെ നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നല്കിയിട്ടുണ്ട്. |
| (ബി) | ഈ വിഷയത്തിൽ നിരവധി തവണ ജനപ്രതിനിധികളും നാട്ടുകാരും പരാതി ഉന്നയിച്ചിട്ടും പ്രസ്തുത ജീവനക്കാരിക്കെതിരെ വകുപ്പുതല നടപടി എടുക്കാൻ വൈകുന്നതിനുള്ള കാരണം വിശദമാക്കാമോ? | (ബി) | കൃഷി അസിസ്റ്റന്റിനെതിരെ ലഭിച്ച പരാതിയിന്മേൽ അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാക്കുന്ന മുറയ്ക്ക് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ